**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 243** **01-02-2023 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസുരക്ഷ വകുപ്പ് നടത്തിയ പരിശോധനകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ ഭക്ഷ്യസുരക്ഷ വകുപ്പ് നടത്തിയ പരിശോധനകളിൽ എന്തെല്ലാം മാരകമായ വിഷപദാർത്ഥങ്ങളാണ് ഭക്ഷണത്തിൽ ചേർത്തിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | ഭക്ഷ്യസുരക്ഷ വകുപ്പ് നടത്തിയ പരിശോധനകളിൽ പച്ചക്കറികളിൽ Acephate പോലുള്ള കീടനാശിനിയുടെ സാന്നിധ്യവും, പഴവർഗ്ഗങ്ങളിൽ Primathanil പോലുള്ള Acetamiprid കീടനാശിനിയും, ഡ്രൈഫ്രൂട്ടസിൽ Chlorpyriphos, Carbendazin, Thiamethoxan എന്നീ കീടനാശിനികളും, മസാല പൊടികളിൽ Etofenprox, Aflatoxin B1 തുടങ്ങിയ വിഷപദാർത്ഥങ്ങളുടെ സാന്നിധ്യവും കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഇത്തരം ഉല്പന്നങ്ങൾ വിതരണം നടത്തിയ കമ്പനികൾക്കെതിരെയും ഭക്ഷണസാധനങ്ങൾ വിതരണം നടത്തിയ സ്ഥാപനങ്ങൾക്കെതിരെയും ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | മനുഷ്യാരോഗ്യത്തിന് ഹാനികരമാകുന്ന രാസവസ്തുക്കൾ കലർന്ന ഭക്ഷണ സാധനങ്ങൾ നിർമ്മിച്ചവർക്കെതിരെയും വിൽപ്പന നടത്തിയവർക്കെതിരെയും ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികളിൽ പ്രോസിക്യൂഷൻ ഫയൽ ചെയ്ത് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇത്തരം വിഷപദാർത്ഥങ്ങൾ മനുഷ്യരിൽ ഉണ്ടാക്കാനിടയുള്ള ആരോഗ്യപ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | ഇത്തരം വിഷപദാർത്ഥങ്ങൾ മനുഷ്യരിൽ ഉണ്ടാക്കാനിടയുള്ള ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പ് പഠനം നടത്തിയിട്ടില്ല. |
| (ഡി) | നിലവിലുള്ള നിയമം കൊണ്ടുമാത്രം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ സാധിക്കുമോ; വിശദമാക്കാമോ? | (ഡി) | ഭക്ഷ്യ സുരക്ഷാ ഉറപ്പാക്കുന്നതിനും നിയമ വിരുദ്ധ പ്രവർത്തനങ്ങൾക്ക് തടയിടുന്നതിനുമായി ഭക്ഷ്യ സുരക്ഷാ വകുപ്പ് കർശനമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നിയമ നടപടികളും സ്വീകരിച്ച് വരുന്നു. കൂടാതെ ഭക്ഷ്യോൽപ്പാദകർക്കായി നിരവധി പരിശീലന പരിപാടികളും ഉപഭോക്താക്കൾക്കായി അനേകം ബോധവൽക്കരണ പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. സുരക്ഷിതമല്ലാത്ത ഭക്ഷണ സാധനങ്ങൾ വിറ്റാൽ 6 മാസം മുതൽ 6 വർഷം വരെ തടവും, 10 ലക്ഷം രൂപ വരെ പിഴയും നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ